"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- പെരുവനം ആറാട്ടുപുഴ പൂരം 2026 (മാർച്ച് 24 -30) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.182/2026/TSM തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- ബഹു. എം.എൽ.എ പുതുക്കാട്, ശ്രീ.കെ.കെ രാമചന്ദ്രൻ സമർപ്പിച്ച 23.02.2026 തീയതിയിലെ കത്ത്

**ഉത്തരവ്**

2026 മാർച്ച് 24 മുതൽ 30 വരെ സംഘടിപ്പിക്കുന്ന പെരുവനം ആറാട്ടുപുഴ പൂരം 2026 ന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ പുതുക്കാട്, ശ്രീ.കെ.കെ രാമചന്ദ്രൻ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ 6 നിയോജകമണ്ഡലങ്ങളിൽപ്പെട്ട 24 ക്ഷേത്രങ്ങൾ പങ്കെടുക്കുന്ന ഒരു വലിയ ദേവമേളയാണ് പെരുവനം ആറാട്ടുപുഴ പൂരം. ധാരാളം തദ്ദേശീയരും, വിദേശികളും ആയ ടൂറിസ്റ്റുകൾ പങ്കെടുക്കുന്ന ആറാട്ടുപുഴ പൂരംത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട്, 2026 മാർച്ച് 24 മുതൽ 30 വരെ സംഘടിപ്പിക്കുന്ന പെരുവനം ആറാട്ടുപുഴ പൂരം 2026 ന് ***3452-80-104-99-00-01- വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം*** എന്ന ശീർഷകത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി (ധന പുനഃക്രമീകരണം മുഖേനയോ അധിക ധനാനുമതി മുഖേനയോ) **₹50,000/-**(അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പെരുവനം ആറാട്ടുപുഴ പൂരം കമ്മിറ്റി ഭാരവാഹികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ബഹു. എം.എൽ.എ പുതുക്കാട്, ശ്രീ.കെ.കെ രാമചന്ദ്രൻ (Covering Letter സഹിതം)
ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പെരുവനം ആറാട്ടുപുഴ പൂരം കമ്മിറ്റി ഭാരവാഹികൾ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 12-03-2026 17:18:32

സെക്ഷൻ ഓഫീസർ

പകർപ്പ്.
1.ബഹു.വിനോദസഞ്ചാര വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്